**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2015** **16-03-2022 - ൽ മറുപടിയ്ക്ക്**

**കെ.റെയിൽ അർദ്ധ അതിവേഗപാത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | null<br>(മുഖ്യമന്ത്രി) | |
| (എ) | സിൽവർലൈനു വേണ്ടി റെയിൽവേയുടെ അധീനതയിലുള്ള നൂറ്റി എൺപത്തഞ്ച് ഹെക്ടർ സ്ഥലം വിട്ടുതരുകയില്ലെന്ന് കേന്ദ്ര റെയിൽവേ മന്ത്രാലയം പറഞ്ഞിരിക്കുന്നതിനാൽ, സിൽവർലൈനു വേണ്ടി നിലവിൽ പ്രഖ്യാപിച്ചിട്ടുള്ള അലൈൻമെന്റ് മാറ്റേണ്ടിവരുമോയെന്ന് അറിയിക്കാമോ; | (എ) | വിട്ടുതരികയില്ലെന്ന് കേന്ദ്ര റെയിൽവേ മന്ത്രാലയം അറിയിച്ചിട്ടില്ല. |
| (ബി) | കേന്ദ്ര റെയിൽവേ മന്ത്രാലയം അലൈൻമെന്റ് അംഗീകരിക്കുന്നതിന് മുമ്പ് എങ്ങിനെയാണ് സാമൂഹ്യാഘാത പഠനം നടത്തുന്നതെന്നും അലൈൻമെന്റ് മാറ്റേണ്ടി വരുന്നതുകൊണ്ട് ഇപ്പോൾ നടത്തുന്ന സാമൂഹ്യാഘാത പഠനത്തിന് പ്രസക്തിയുണ്ടോയെന്നും വ്യക്തമാക്കാമോ; | (ബി) | റെയിൽവേ ബോർഡിന്റെ തത്വത്തിൽ അംഗീകാരം ലഭിച്ച പദ്ധതികൾക്ക് ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട പ്രാഥമിക പ്രവർത്തനങ്ങൾ(നിക്ഷേപ പൂർവ്വ പ്രവർത്തനങ്ങൾ) ചെയ്യുവാൻ കേന്ദ്രഗവൺമെൻറിന്റെ Ministry of Finance ന്റെ മാർഗ്ഗ നിർദ്ദേശം നിലവിലുണ്ട്. സിൽവർലൈൻ നിക്ഷേപ പൂർവ്വ പ്രവർത്തനങ്ങൾ ഏറ്റെടുത്തു ചെയ്യുവാൻ തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. |
| (സി) | കേന്ദ്രഭരണ പ്രദേശമായ മാഹിയിലൂടെ സിൽവർലൈൻ അലൈൻമെന്റ് കടന്നുപോകുന്നതിനാവശ്യമായ അനുമതി അധികാരികളിൽ നിന്ന് ലഭിച്ചിട്ടുണ്ടോ; | (സി) | നിലവിൽ സിൽവർലൈൻ അലൈൻമെന്റിനു വേണ്ടി മാഹിയിൽ സ്ഥലമേറ്റെടുക്കേണ്ട ആവശ്യമില്ല. |
| (ഡി) | നൂറ്റിനാലുതു കി.മീ ദൈർഘ്യമുള്ള നെൽവയലുകളും ഏകദേശം അത്രയുംതന്നെ വെള്ളപ്പൊക്കമുണ്ടാകുന്ന സ്ഥലവും, മൂന്ന് എലിവേറ്റഡ് സ്റ്റേഷനുകളുമുള്ള പാതയിൽ തൂണിൻമേലുള്ള പാത 88.41 കി.മീ. മാത്രമുള്ളപ്പോൾ ഈ പദ്ധതിയെങ്ങനെയാണ് പരിസ്ഥിതി സൗഹൃദമാകുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | വിശദമായ Hydrology പഠനം നടത്തി പ്രകൃതിയിലുള്ള ചാലുകളുടെ ഒഴുക്ക് തടസ്സപ്പെടുത്താത്ത രീതിയിലാണ് പദ്ധതിയുടെ structural Design നടത്തിയിരിക്കുന്നത്. ഇതു വെള്ളപ്പൊക്കം ഉണ്ടാക്കുകയില്ല. പൂർണ്ണമായും പുനരുപയോഗ ഊർജം ആശ്രയിക്കുന്ന പദ്ധതി ആയതിനാൽ കാർബൺ ബഹിർഗമനം ഈ പദ്ധതിക്ക് ഇല്ല എന്നു തന്നെ പറയാം. റോഡിലെ ചരക്കുവാഹനങ്ങൾക്കായി റോ റോ സംവിധാനം ഏർപ്പെടുത്തുക വഴി congestion, Accidents എന്നിവ കുറക്കുക മാത്രമല്ല വായുമലിനീകരണവും ഗണ്യമായി കുറക്കാനാവും. |

സെക്ഷൻ ഓഫീസർ